*Celebrating Extraordinary Missionary Month October 2019…*

**Monday, 7 October 2019**

Lk 10:38-42

മർത്തായും മറിയവും

Fr. Winson Moyalan CMI

ദൈവരാജ്യ ശുശ്രൂഷയുടെ മറ്റൊരു രൂപമാണ് ഇന്നത്തെ സുവിശേഷ ഭാഗം. മർത്തായും മറിയവും മരിച്ചവരിൽ നിന്ന് യേശു ഉയിർപ്പിച്ച ലാസറിന്റെ സഹോദരിമാരായിരുന്നു എന്ന് യോഹന്നാൻ 11:18 വായിക്കുമ്പോൾ നാം മനസിലാക്കുന്നു. ഈ സഹോദരങ്ങൾ കുഷ്ഠരോഗിയായ ശിമയോന്റെ മക്കളായിരുന്നുവെന്ന് മത്തായി 26:6 = യോഹ 12:3 എന്നീ ഭാഗങ്ങളുടെ താരതമ്യപഠനത്തിലൂടെ നമുക്ക് മനസിലാക്കാം.

സ്ത്രീ വിവേചനം കൊടുമ്പിരി കൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ സ്ത്രീകൾക്കും തന്റെ പ്രേഷിത യാത്രയിൽ പങ്കാളികളാൻ സാധിക്കും എന്ന് തെളിയിച്ചു കൊണ്ട് അവരെ ശാക്തീകരിക്കുന്ന നിരവധി സംഭവങ്ങൾ നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്. കാനാൻകാരി സ്ത്രീ (Mt 15:21) സീറോ-ഫിനിഷ്യൻ സ്ത്രീ (Mk 7:24) രക്തസ്രാവകാരി (Mk 5:25) വിധവയുടെ കാണിക്ക (Mk 12:41) പാപിനിക്ക് മോചനം (Lk 7:36; Jn 8:1) കൂനുള്ള സ്ത്രീ (Lk 13:10 ) സമരിയാക്കാരി (Jn 4: 1)

സ്ത്രീ-പുരുഷ സമത്വത്തിന് ദൈവരാജ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യവും സാദ്ധ്യതകളുമുണ്ടെന്ന് യേശു ഇവിടെ പ്രഖ്യാപനം ചെയ്യുകയാണ്.

ദൈവരാജ്യശുശ്രൂഷകൾക്ക് പല മാർഗ്ഗങ്ങളുണ്ട്. ക്രൈസ്തവ ലോകം അതിന്റെ വിവിധ മിഷനുകളിലൂടെ അത് തെളിയിച്ചിട്ടുമുണ്ട്. കാലാനുസൃതമായ പുതിയ പുതിയ മേഖലകൾ ഇനിയും ആവിർഭവിക്കുകയും ചെയ്യും.

എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗം എന്താണെന്ന് മറിയത്തിന്റെ ദൃഷ്ടാന്തത്തിലൂടെ യേശു വ്യക്തമാക്കുന്നു:

ഓരോ മിഷനും പ്രാർത്ഥനയിൽ അധിഷ്ഠിതമായിരിക്കണം. ആലോചന ചോദിക്കാതെ ആരംഭിക്കുന്ന ശുശ്രൂഷകൾ തന്നിഷ്ടങ്ങൾ കർത്താവിനോട് മാത്രമായിരിക്കും. തന്നേയും അതിൽ പങ്കാളികളാകുന്നവരുടേയും ഉതപ്പിലും ആത്മീയ ശോഷണത്തിലും മാത്രമാണ് അത് കലാശിക്കുക.

*Published by*

CMI General Department of Evangelization and Pastoral Ministry